"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ ഭാഗമായി 36662 ഭവനങ്ങൾക്ക് ജിയോടാഗിംഗ് പൂർത്തീകരിച്ച വകയിൽ ആദ്യ ഗഡുവായി 31,82,200/- രൂപ നഗരകാര്യ വകുപ്പ് മുഖാന്തരം അർബൻ ഹൌസിങ് മിഷന് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1687/2024/LSGD തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:-
1. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ N-11011/40/2017/HFA-1(FTS-9028230) നമ്പർ കത്ത്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14-08-2024 ലെ 301/N/2021/KSHO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പിഎംഎവൈ (നഗരം) -ലൈഫ് പദ്ധതിയുടെ ഭാഗമായി 239 ഡിപിആറുകളിൽ ഉൾപ്പെട്ട 36662 ഭവനങ്ങൾക്ക് ജിയോ ടാഗിംഗ് പ്രവർത്തനങ്ങൾ പൂർത്തികരിച്ച വകയിൽ ആദ്യ ഗഡുവായ് (50%) 31,82,200/- രൂപ(മുപ്പത്തി ഒന്ന് ലക്ഷത്തി എൻപത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം), ക്രേന്ദ്ര വിഹിതം പരാമർശം 1 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത തുകയിൽ സർക്കാരിൽ നിന്നും കോർപ്പറേഷനുകൾക്കുള്ള ശീർഷകമായ 2217-05-191-48(16) -ൽ 11,71,900/ രൂപയും മുൻസിപ്പാലിറ്റിയ്ക്കുള്ള ശീർഷകത്തിൽ 2217-05-192-48-(15) -ൽ 20,10,300/ രൂപയും വകയിരുത്തി, ആകെ 31,82,200/- രൂപ (മുപ്പത്തിഒന്ന് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) നഗരകാര്യ വകുപ്പ് മുഖാന്തരം, ടി പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ അർബൻ ഹൗസിംഗ് മിഷന് അനുവദിച്ച് നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ഫണ്ടുകളുടെ ലഭ്യതക്കനുസൃതമായി പിഎംഎവൈ (നഗരം) - ലൈഫ് പദ്ധതിയുടെ ഭാഗമായി 239 ഡിപിആറുകളിൽ ഉൾപ്പെട്ട 36662 ഭവനങ്ങൾക്ക് ജിയോ ടാഗിംഗ് പ്രവർത്തനങ്ങൾ പൂർത്തികരിച്ച വകയിൽ ആദ്യ ഗഡുവായി (50%) കോർപ്പറേഷനുകൾക്കുള്ള ശീർഷകമായ 2217-05-191-48 (16)-ൽ 11,71,900/ രൂപയും മുൻസിപ്പാലിറ്റിയ്ക്കുള്ള ശീർഷകമായ 2217-05-192-48- (15) -ൽ 20,10,300/ രൂപയും വകയിരുത്തി, ആകെ 31,82,200/ രൂപ (മുപ്പത്തിഒന്ന് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) നഗരകാര്യ വകുപ്പ് മുഖാന്തരം, ധനകാര്യ വകുപ്പിന്റെയും കേന്ദ്രമന്ത്രാലയത്തിന്റെയും മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ അർബൻ ഹൗസിംഗ് മിഷന്റെ ICICI ബാങ്ക് A/c No. 033601001669, IFSC:ICIC0000336, പഴയറോഡ് ബ്രാഞ്ച്, മെഡിക്കൽകോളേജ് എന്ന അക്കൗണ്ടിൽ അനുവദിച്ച് ,ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള മേലധികാരി തുടർനടപടി സ്വീകരിക്കാൻ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ